18373
21/8/17

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്-കുറിഞ്ഞിമല വന്യജീവി സങ്കേതത്തിൽ വ്യാജപട്ടയങ്ങൾ ഉപയോഗിച്ച് സ്ഥലം കൈവശം വയ്ക്കുകയും അനധികൃതമായി മരംമുറി നടത്തുകയും ചെയ്യുന്നു എന്ന ആരോപണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി - ഔപചാരികാന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

### വനം വന്യജീവി (എ) വകുപ്പ്

സ.ഉ(സാധാ)നം. 289/2017/വനം    തീയതി, തിരുവനന്തപുരം, 01.08.2017

പരാമർശം :
1) 25.04.2014 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസസിന്റെ എച്ച് എഫ് 1/2014 നമ്പർ കത്ത്
2) 22.04.2014 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി9-15716/2014 നമ്പർ ഉത്തരവ്
3) 28.04.2014 ലെ ഡി&പി വിഭാഗം അഡീഷണൽ പ്രൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി9-15716/2014 നമ്പർ ഉത്തരവ്
4) 05.05.2014 ലെ സ.ഉ.(സാധാ) നം.197/2014/വനം ഉത്തരവ്
5) കുറിഞ്ഞിമല വന്യജീവി സങ്കേതത്തിൽ വ്യാജ പട്ടയങ്ങൾ ഉപയോഗിച്ച് സ്ഥലം കൈവശം വയ്ക്കുന്നു എന്നതിന്മേൽ ശ്രീമതി.നിവേദിത.പി.ഹരന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച 23.102014 ലെ റിപ്പോർട്ട്
6) 16.02.2015 ലെ സ.ഉ.(എം.എസ്) നം.69/2015/റവന്യൂ നമ്പർ ഉത്തരവ്
7) 30.03.2015 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി9-15716/2014 നമ്പർ ഉത്തരവ്
8) 26.08.2015 ലെ സ.ഉ.(സാധാ)നം.397/2015/വനം നമ്പർ ഉത്തരവ്
9) 02.09.2015 ലെ ഭരണ വിഭാഗം അഡീഷണൽ പ്രൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി9-15716/2014 നമ്പർ ഉത്തരവ്

10) 04.09.2015 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി9-15716/2014 നമ്പർ ഉത്തരവ്

11) 17.10.2015 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി9-15716/2014 നമ്പർ ഉത്തരവ്

12) 31.03.2015 ലെ 623/എ 2/2015/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

13) 02.02.2016 ലെ 5349/എ 1/2014 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

14) 15.05.2015 തീയതിയായി ശ്രീ.അഗസ്റ്റിൻ ജോസഫ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട), 28.04.2016 തീയതിയായി ശ്രീ.പി.യു.സാജു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, 18.04.2016 തീയതിയായി ശ്രീ.കെ.എൻ.സഹദേവൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ 25.05.2016 തീയതിയായി ശ്രീ.എം.പി.പ്രസാദ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 20.6.2016 തീയതിയായി ശ്രീ.സനിൽ കുമാർ.ടി, റേഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

15) 02.12.2015, 25.11.2016, 30.01.2017 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി9-15716/2014 നമ്പർ കത്ത്

16) 12.06.2017 ലെ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസസിന്റെ എച്ച് എഫ്1/2014 നമ്പർ കത്ത്

## ഉത്തരവ്

വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 18(1) പ്രകാരം വന്യജീവി സംരക്ഷണ കേന്ദ്രമായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഇടുക്കി ജില്ലയിലെ കുറിഞ്ഞിമല വന്യമൃഗ സങ്കേതത്തിൽ ഉൾപ്പെട്ട കൊട്ടക്കമ്പൂർ, വട്ടവട വില്ലേജിൽപ്പെടുന്ന പട്ടയ സ്ഥലത്തെ യൂക്കാലി മരങ്ങൾ ഡബ്ല്യൂ.പി.(സി) 5257/11 കേസിലെ ഹൈക്കോടതി ഉത്തരവിന്റെ മറവിൽ മുറിച്ച് മാറ്റുന്നതിന് ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസർ അനുമതി നൽകിയിരുന്നു. മേൽപടി അനുമതിയിൽ പറയുന്ന പട്ടയഭൂമികൾ ഏതെന്ന് തിരിച്ചറിയാൻ വ്യക്തമായ രേഖകൾ ഇല്ലെന്നിരിക്കെ സർക്കാർ താൽപ്പര്യം പൂർണ്ണമായും ബലികഴിച്ച് മരങ്ങൾ മുറിച്ച് മാറ്റുവാൻ ടി സാങ്ച്വറിയുടെ ചുമതല വഹിച്ചിരുന്ന മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ, ശ്രീ.പി.യു.സാജു., റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.അഗസ്റ്റിൻ

ജോസഫ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.പി.പ്രസാദ് എന്നിവരും ഈ വിഷയം സംബന്ധിച്ച് ശരിയായ അന്വേഷണം നടത്താതെ മരംമുറി ശരിവച്ചുകൊണ്ടുള്ള റിപ്പോർട്ട് നൽകിയ കോതമംഗലം ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ടി.സനിൽകുമാറും ടി മരംമുറിയ്ക്ക് ഒത്താശ ചെയ്തു കൊടുത്തതായി, രേഖകളും, സ്ഥലങ്ങളും പരിശോധിച്ചതിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് ബോധ്യപ്പെട്ടതിന്റെയും, ടിയാന്മാർക്കെതിരെ കർശന അച്ചടക്ക നടപടി എടുക്കേണ്ടതായിട്ടുണ്ടെന്നും ടിയാന്മാർ സർവ്വീസിൽ തുടരുന്നത് പൊതുജന താൽപ്പര്യത്തിന് ഉചിതമല്ലെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെയും അടിസ്ഥാനത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ.അഗസ്റ്റിൻ ജോസഫ്, ടി.സനിൽകുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.പി.പ്രസാദ് എന്നിവരെ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡനും, സെക്ഷൻ ഫോറസ്റ്റർ ശ്രീ.കെ.എം. സഹദേവനെ പരാമർശം (3) പ്രകാരം ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും അച്ചടക്ക നടപടിയ്ക്ക് വിധേയമായി സസ്പെന്റ് ചെയ്തു.

2) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായ ശ്രീ.പി.യുസാജുവിനെ പൊതുജന താൽപ്പര്യം മുൻ നിർത്തി അച്ചടക്ക നടപടിക്ക് വിധേയമായി സർക്കാർ തലത്തിൽ പരാമർശം (4) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, മേൽ വിഷയത്തിൽ അന്വേഷണം വിജിലൻസ് വകുപ്പിന് കൈമാറണമെന്ന ആവശ്യം, ഹൈലെവൽ കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്ക് വയ്ക്കുന്നതിലേയ്ക്കായി റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്യുകയുണ്ടായി.

3) പ്രസ്തുത വിഷയത്തിൽ, ശ്രീമതി.നിവേദിത.പി.ഹരൻ തലവനായ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം പരാമർശം (5) പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരാമർശം (6) പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

4) മേൽ അന്വേഷണ റിപ്പോർട്ടിൽ 58-ാം ബ്ലോക്കിൽപ്പെടുന്ന പ്രദേശമൊന്നാകെ വന്യമൃഗ സങ്കേതമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, വൈൽഡ് ലൈഫ് ആക്ട് സെക്ഷൻ 19 പ്രകാരം കൈവശക്കാരുടെ അവകാശം സ്ഥിരപ്പെടുത്താതെ, മരംമുറിക്ക് അനുവാദം നൽകിയ ആർ.ഡി.ഒ./സബ് കളക്ടറുടെ നടപടി തീർത്തും ക്രമവിരുദ്ധമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) ശ്രീ.അഗസ്റ്റിൻ ജോസഫ് 31.03.2015 ന് സർവ്വീസിൽ നിന്ന് വിരമിക്കുന്നതിനാൽ അച്ചടക്ക നടപടിയ്ക്ക് വിധേയമായി ടിയാനെ പരാമർശം (7) പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും

കുറ്റാരോപണ പത്രികയും പരാമർശം (12) പ്രകാരം സർക്കാർ തലത്തിൽ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു.

6) മാനുഷിക പരിഗണനയുടെ പേരിൽ കർശന അച്ചടക്ക നടപടിയ്ക്ക് വിധേയമായി ശ്രീ.പി.യു.സാജുവിനെ പരാമർശം (8) പ്രകാരവും ശ്രീ.എം.പി.പ്രസാദിനെ പരാമർശം (9) പ്രകാരവും ശ്രീ.റ്റി.സനിൽകുമാറിനെ പരാമർശം (10) പ്രകാരവും ശ്രീ.കെ.എൻ.സഹദേവനെ പാരമർശം (11) പ്രകാരവും സർവ്വീസിൽ പുനഃ പ്രവേശിപ്പിച്ചു.

7) സർവ്വശ്രീ.പി.യു.സാജു, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സനിൽകുമാർ, റെയിഞ്ച് ഓഫീസർ, എം.പി.പ്രസാദ്, ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ, കെ.എൻ.സഹദേവൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് പരാമർശം (13) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

8) ശ്രീ.അഗസ്റ്റിൻ ജോസഫ്, റെയിഞ്ച് ഓഫീസർ (റിട്ട), ശ്രീ.പി.യു.സാജു, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, ശ്രീ.എം.പി.പ്രസാദ്, ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ, ശ്രീ.കെ.എൻ.സഹദേവൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ശ്രീ.സനിൽകുമാർ, റെയിഞ്ച് ഓഫീസർ എന്നിവർ പരാമർശം (14) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (15) പ്രകാരം അഭിപ്രായമറിയിച്ചു.

9) കുറ്റാരോപിതരിൽ ശ്രീ.അഗസ്റ്റിൻ ജോസഫ്, റെയിഞ്ച് ഓഫീസർ (റിട്ട) സമർപ്പിച്ച പ്രതിവാദ പത്രിക തൃപ്തികരമല്ലെന്നും, ശ്രീ.എം.പി.പ്രസാദ്, ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ, ശ്രീ.കെ.എൻ.സഹദേവൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ തങ്ങളുടെ കർത്തവ്യം ശ്രദ്ധാപൂർവ്വം ചെയ്തില്ലെന്നും, ശ്രീ.സനിൽകുമാർ, റെയിഞ്ച് ഓഫീസർക്കെതിരെയുള്ള നടപടി അനുഭാവ പൂർവ്വം പരിഗണിക്കണമെന്നും, ശ്രീ.പി.യു.സാജുവിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചതായി കാണുന്നില്ലെന്നും ഉപമുഖ്യ വനപാലകൻ റിപ്പോർട്ട് ചെയ്തു.

10) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുറ്റാരോപിതർക്ക് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രമാണ് നൽകിയത്. കുറ്റാരോപിതരിൽ ചിലർക്കെതിരെ നടപടി വേണമെന്ന രീതിയിൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടി വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും കുറ്റാരോപിതർക്ക് അവരുടെ നിരപരാധിത്വം തെളിയിക്കുന്നതിന് ഒരവസരം നൽകുന്നതിനുമായി ഔപചാരികാന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഔപചാരികാന്വേഷണം നടത്തുന്നതിന് അന്വേഷണാധികാരിയായി കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയ

ശ്രീ.എസ്.ജി.മഹേഷ് കുമാർ ഐ.എഫ്.എസിനെയും പ്രസന്റിംഗ് ഓഫീസറായി ഇടുക്കി അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, ശ്രീ.ബി.രാഹുലിനെയും നിയമിക്കുന്നതിന് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ് പരാമർശം (16) പ്രകാരം ശുപാർശ ചെയ്തു

11) ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസിന്റെ ശുപാർശ അംഗീകരിച്ച് ടി വിഷയത്തിൽ കുറ്റാരോപിതരായ സർവ്വശ്രീ.പി.യു.സാജു, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റ്റി.സനിൽകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, എം.പി.പ്രസാദ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കെ.എൻ.സഹദേവൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, അഗസ്റ്റിൻ ജോസഫ്, റെയിഞ്ച് ഓഫീസർ (റിട്ട) എന്നിവർക്കെതിരെ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ശ്രീ.എസ്.ജി.മഹേഷ് കുമാർ ഐ.എഫ്.എസിനെ അന്വേഷണാ ധികാരിയായും ഇടുക്കി അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, ശ്രീ.ബി.രാഹുലിനെ പ്രസന്റിംഗ് ഓഫീസറായും നിയമിച്ചു കൊണ്ട് ഔപചാരികാന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

12) അന്വേഷണ റിപ്പോർട്ട് കർശനമായും 3 മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
ശ്രീ.എസ്.ജി.മഹേഷ് കുമാർ ഐ.എഫ്.എസ്,
കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ശ്രീ.ബി.രാഹുൽ, ഇടുക്കി അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ
ശ്രീ.പി.യു.സാജു, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,
ശ്രീ.റ്റി.സനിൽകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,
ശ്രീ.എം.പി.പ്രസാദ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,
ശ്രീ.കെ.എൻ.സഹദേവൻ, സെക്ഷൻഫോറസ്റ്റ് ഓഫീസർ
ശ്രീ.അഗസ്റ്റിൻ ജോസഫ്, റെയിഞ്ച് ഓഫീസർ (റിട്ട)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ